**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 179** **26-10-2026-ൽ മറുപടിയ്ക്ക്**

**സ്വകാര്യ ആശുപത്രികളിലെ ചൂഷണം തടയാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. കെ. സനോജ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. പ്രേമൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** രോഗികളിൽ അനാവശ്യമായി ആൻജിയോപ്ലാസ്റ്റി നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം ആശുപത്രികളിലാണ് അത്തരത്തിൽ അനാവശ്യമായി ആൻജിയോപ്ലാസ്റ്റി നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപെട്ടിട്ടില്ല.

**(ബി)** ആവശ്യമില്ലാതെ രോഗികൾക്ക് ആൻജിയോപ്ലാസ്റ്റി നടത്തുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിൽ ഇത് തടയുന്നതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**മറുപടി:** ആവശ്യമില്ലാതെ രോഗികൾക്ക് ആൻജിയോപ്ലാസ്റ്റി നടത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** ആൻജിയോപ്ലാസ്റ്റിയുടെ പേരിൽ സ്വകാര്യ ആശുപത്രികൾ അമിത ചാർജ്ജ് ഈടാക്കി രോഗികളെ ചൂഷണം നടത്തുന്നതായി കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ചികിത്സ ചൂഷണം സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിന് 24.10.2026 ലെ G.O(Rt) No. 3564/2026/H&FWD ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷയായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

**(ഡി)** സ്വകാര്യ മേഖലയിലെ ചൂഷണം തടയുന്നതിന് എല്ലാ പ്രധാന സർക്കാർ ആശുപത്രികളിലും ഹൃദ്രോഗ ചികിത്സ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സയ്ക്കായി എത്തുന്ന എല്ലാ രോഗികൾക്കും മികച്ചതും ഗുണനിലവാരമുള്ളതുമായ ചികിത്സ ഉറപ്പാക്കുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി, കാത്ത് ലാബ് സൗകര്യങ്ങൾ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം,

കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹൃദ്രോഗ ചികിത്സയ്ക്കായി കാത്ത് ലാബ് സൗകര്യം നിലവിലുണ്ട്. ജീവിതശൈലീ രോഗങ്ങളായ ഹൃദ്രോഗത്തിന് സൗജന്യ മരുന്നിനും പരിശോധനയ്ക്കും നിലവിൽ സൗകര്യം ലഭ്യമാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) വഴി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് ഹൃദ്രോഗ ചികിത്സ, ആൻജിയോപ്ലാസ്റ്റി തുടങ്ങിയവ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസിനു കീഴിലുള്ള 12 ആശുപത്രികളിൽ കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി, അടിമാലി താലൂക്കാശുപത്രി,എറണാകുളം ജനറൽ ആശുപത്രി, തൃശ്ശൂർ ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, മഞ്ചേരി ജനറൽ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ കാത്ത് ലാബ് സേവനങ്ങൾ ലഭ്യമാണ്. കൂടാതെ അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആലപ്പുഴ ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലും, എറണാകുളം ജനറൽ ആശുപത്രിയിലും 24 മണിക്കൂറും കാത്ത് ലാബ് സേവനങ്ങൾ ലഭ്യമാണ്. കൊല്ലം ജില്ലാ ആശുപത്രിയിൽ 24 മണിക്കൂറും കാത്ത് ലാബ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കാത്ത് ലാബുകൾ മുഖേന കൊറോണറി ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ ഹൃദ്രോഗ പരിശോധനാചികിത്സാ സേവനങ്ങൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനും ഹൃദയാഘാതം ഉൾപ്പെടെയുള്ള അടിയന്തര ഹൃദ്രോഗാവസ്ഥകളിൽ സമയബന്ധിതമായ ചികിത്സ ഉറപ്പാക്കുന്നതിനും സാധിക്കുന്നു. കൂടാതെ, ഹൃദയാഘാതം നേരത്തേ കണ്ടെത്തുന്നതിനുള്ള Troponin പരിശോധന സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, 2026-27 സാമ്പത്തിക വർഷത്തിൽ STEMI (ST-Elevation Myocardial Infarction) ചികിത്സാ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഹബ് ആൻഡ് നസ്യോക്ക് മാതൃകയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെയും, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവയെയും ഹബ് കേന്ദ്രങ്ങളായി ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ആദ്യഘട്ടത്തിൽ രോഗികളുടെ എണ്ണം കൂടുതലുള്ള തിരഞ്ഞെടുത്ത ആശുപത്രികളെ സ്പോക്ക് കേന്ദ്രങ്ങളായി ഉൾപ്പെടുത്തുന്നതാണ്. ഈ ആശുപത്രികളിൽ ഹൃദയാഘാത ലക്ഷണങ്ങളോടെ എത്തുന്ന രോഗികളുടെ ഇ.സി.ജി. (ECG) ഹബ് കേന്ദ്രങ്ങളിലേക്ക് കൈമാറുകയും, ഹബ്ബിലെ കാർഡിയോളജിസ്റ്റിന്റെ വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതാണ്. ആവശ്യമായ സാഹചര്യങ്ങളിൽ തുടർചികിത്സയ്ക്കായി അനുയോജ്യമായ ഉയർന്ന ചികിത്സാകേന്ദ്രങ്ങളിലേക്ക് രോഗികളെ റഫർ ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്. അടുത്ത ഘട്ടമായി പദ്ധതി കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ഇതുവഴി ഹൃദയാഘാതം ബാധിച്ച രോഗികൾക്ക് സമയബന്ധിതമായി വിദഗ്ധ ചികിത്സ ലഭ്യമാക്കാനും സ്വകാര്യ ആശുപത്രികളെ മാത്രം ആശ്രയിക്കേണ്ട സാഹചര്യം കുറയ്ക്കാനും സാധിക്കും.

**(ഇ)** ഹൃദ്രോഗം പോലെ ജീവിതശൈലി പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന ഗുരുതര രോഗങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ മരുന്നിനും പരിശോധനയ്ക്കും സൗകര്യമൊരുക്കുമോ; വിശദമാക്കാമോ?

**മറുപടി:** പ്രമേഹം, രക്താതിമർദ്ദം, ഹൃദയസംബന്ധമായ രോഗങ്ങൾ, പക്ഷാഘാതം, അർബുദം എന്നിവയുൾപ്പെടെയുള്ള സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ഹൃദയരാഗം എന്ന ക്യാമ്പയിൻ 21/08/2026 തീയതിയിലെ G.O.(Rt)No.2810/2026/H&FWDസർക്കാർ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. സാംക്രമികേതര രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ, ജനസംഖ്യാധിഷ്ഠിത രോഗപരിശോധന, രോഗങ്ങൾ നേരത്തേ കണ്ടെത്തൽ, ചികിത്സ ഉറപ്പാക്കൽ, തുടർച്ചയായ തുടർപരിചരണം എന്നിവയ്ക്ക് ഈ ക്യാമ്പയിൻ മുൻഗണന നൽകുന്നു. നിലമ്പൂർ, വട്ടിയൂർക്കാവ്, ഇടുക്കി എന്നീ നിയോജക മണ്ഡലങ്ങളിലാണ് ഈ ക്യാമ്പയിന്റെ ആദ്യഘട്ടം ആരംഭിക്കുന്നത്.

**സെക്ഷൻ ഓഫീസർ**